SUNDAY 31.03.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/03/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (70,000) എണ്ണം കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ-695024. ഫോൺ - 9495000920, 9495000933.

4. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് രണ്ടു ടണ്ണിൽ കൂടുതൽ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ

ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ 12ന് (12/04/2024) പകൽ 11 മണിവരെയാണ്.കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. മൃഗസംരക്ഷണ മേഖലയിലെ പരിശീലനാർഥികൾക്കും സംരംഭകർക്കും കേരള സർക്കാർ മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നൈപുണ്യ സംരംഭകത്വ വികസന പരിശീലനം നേടാൻ അവസരം. ഈ അപ്രന്റീസ് പരിശീലനത്തിലൂടെ പരിശീലനാർത്ഥികളിൽ അവർ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ നൈപുണ്യം വികസിക്കുകയും, ആ മേഖലയിൽ അവരുടെ പ്രവർത്തനം മികവുറ്റതാക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ രാജ്യത്തും വിദേശത്തും, ഉപരിപഠനത്തിനും, ഉദ്യോഗത്തിനും ഇവരെ പ്രാപ്തരാക്കുവാൻ സഹായിക്കും. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

**6.** റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഏപ്രിൽ 03-ന് ആരംഭിക്കും. റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/ വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും

കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9446976726 എന്ന നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം